# കുടുംബശ്രീ ജില്ലാമിഷൻ
# തിരുവനന്തപുരം

## രാജസ്ഥാൻ ടീം - എക്സ്പോഷർ വിസിറ്റ്

### പ്രസിദ്ധീകരണത്തിന്

കുടുംബശ്രീ ജില്ലാമിഷന്റെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുന്നതിനും ഏറ്റവും മികച്ച മാതൃകകൾ പകർത്തുന്നതിനും രാജസ്ഥാനിൽ നിന്നും മന്ത്രിമാർ, എം.എൽ.എ. മാർ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന 10 അംഗ സംഘം തലസ്ഥാനത്ത് എത്തി. പ്രസ്തുത സന്ദർശന ടീമിൽ സഹകരണ - ക്ഷീരവികസന വകുപ്പ് മന്ത്രി അജയ്സിംഗ്, ഊർജ്ജ വകുപ്പ് മന്ത്രി പുഷ്പേന്ദ്ര സിംഗ് എന്നിവർ ഉൾപ്പെട്ടിരുന്നു. കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു, ജില്ലാതല ഉദ്യോഗസ്ഥരായ റീന ഡേവിഡ്, ജെറിദാസ് തുടങ്ങിയവർ ചേർന്ന് സംഘത്തെ സ്വീകരിച്ചു. ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനങ്ങളാണ് രാജസ്ഥാൻ സംഘം സന്ദർശിച്ചത്. കുടുംബശ്രീ സി.ഡി.എസ്. ഓഫീസ് സന്ദർശിക്കുകയും സി.ഡി.എസ്. ചെയർപേഴ്സൺ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുമായി സംവദിക്കുകയും ചെയ്തു. ടി സി.ഡി.എസിലെ വിവിധ സംരംഭങ്ങളും സ്ഥാപനങ്ങളും പഠനവിധേയമായി. ഏറ്റവും മികച്ച കൃഷിരീതികൾ അവലംബിച്ച് ജൈവപച്ചക്കറി ഉൽപ്പാദനം നടത്തിവരുന്ന കുടുംബശ്രീയുടെ ജെ.എൽ.ജി. യൂണിറ്റുകൾ സന്ദർശിക്കുകയും കൃഷി രീതികളും യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി കുടുംബശ്രീ ആരംഭിച്ചിട്ടുള്ള മാതൃകാ പ്രസ്ഥാനമായ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച ബഡ്സ് സ്കൂളുകളിലൊന്നായ വെങ്ങാനൂർ ബഡ്സ് സ്കൂൾ സന്ദർശിച്ചു. തുടർന്ന് പേരൂർക്കടയിൽ പ്രവർത്തിച്ചുവരുന്ന സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്ക് സന്ദർശിക്കുകയും അന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുകയും പ്രവർത്തന രീതികൾ മനസ്സിലാക്കുകയും ചെയ്തു. കുടുംബശ്രീ അതിന്റെ ചിട്ടയോടും പ്രതിബദ്ധതയോടും കൂടിയുള്ള പ്രവർത്തനത്തിലൂടെ എങ്ങനെ സമൂഹത്തിൽ മാറ്റം വരുത്തുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതായും ഈ മാതൃകകൾ തങ്ങളുടെ സംസ്ഥാനത്തും പകർത്തുവാൻ കഴിയുന്നതാണെന്നും സംഘം അഭിപ്രായപ്പെട്ടു.

OFFICE OF THE DISTRICT MISSION CO-ORDINATOR
L.S.G Dept
Govt of KERALA
...SHREE, THIRUVANANTHAPURAM

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

District Mission Co-ordinator
Kudumbashree District Mission
Pattom Palace P.O
Thiruvananthapuram